LIBRARY ARCHIVES Kerala Legislative Assembly

ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നും തെരഞ്ഞെടുത്ത 900 യുവാക്കളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നൽകി വരുന്നു. ഇതിനകം 612 പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

266 (572) ശ്രീ. പി. എസ്. സുപാൽ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീമതി സി. കെ. ആശ:

ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മുൻ സർക്കാർ തുടങ്ങിവച്ച പരിപാടികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നടപ്പുവർഷം Sea Safety Equipments to traditional Fishermen എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1000 വീതം GPS, VHF radio എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള പദ്ധതിയുടെ നടപടികൾ e-tender ഘട്ടത്തിലാണ്. 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം ബേപ്പൂർ പുതിയാപ്പ, നീണ്ടകര, മുനമ്പം ഫിഷിംഗ് ഹാർബറുകളിൽ കെൽട്രോൺ മുഖേന CCTV സ്ഥാപിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ടി പദ്ധതി പ്രകാരം ശക്തികുളങ്ങര, വിഴിഞ്ഞം, പൊന്നാനി ഫിഷിംഗ് ഹാർബറുകളിൽ കെൽട്രോൺ മുഖേന CCTV സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം നടപ്പുവർഷം അഴീക്കൽ, മാപ്പിളബേ, മാടാക്കര എന്നീ ഫിഷിംഗ് ഹാർബറുകളിൽ CCTV സ്ഥാപിക്കുന്നതിനും അതോടൊപ്പം വിഴിഞ്ഞം, നീണ്ടകര, മുനമ്പം, പൊന്നാനി, ബേപ്പൂർ എന്നീ ഫിഷിംഗ് ഹാർബറുകളിൽ Electronic Display Board സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം പരിഗണനയിൽ ആണ്. BSNL-ഉം SKYLO Tech India Ltd. ഉം സംയുക്തമായി വികസിപ്പിച്ചെടുത്ത BSNL SKYLO Transponder എന്ന ഉപകരണം 9 തീരദേശ ജില്ലകളിലെ 200 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റമായി ഘടിപ്പിക്കുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മറൈൻ ആംബുലൻസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

മൂന്ന് മറൈൻ ആംബുലൻസുകളിൽ ആദ്യത്തേത് പ്രതീക്ഷ 27-8-2020-ന് കമ്മീഷൻ ചെയ്ത് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. ബാക്കി രണ്ടെണ്ണം (പ്രത്യാശ, കാരുണ്യ) എന്നിവ 28-1-2021-ന് കമ്മീഷൻ ചെയ്യുകയും യഥാക്രമം എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചുവരികയുമാണ്.

(ഇ) പുറംകടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടഘട്ടങ്ങളിൽ അധികാരികളുമായി ബന്ധപ്പെടാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് മറ്റുള്ളവരുമായി ബന്ധപ്പെടുന്നതിന് യാനങ്ങൾക്ക് സാറ്റ്ലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 168 സാറ്റ്ലൈറ്റ് ഫോൺ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം പുറംകടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടഘട്ടങ്ങളിൽ അധികാരികളുമായി ബന്ധപ്പെടാൻ VHF radio നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

BSNL ഉം SKYLO Tech India Ltd. ഉം സംയുക്തമായി വികസിപ്പിച്ചെടുത്ത BSNL SKYLO Transponder എന്ന ഉപകരണം 9 തീരദേശ ജില്ലകളിലെ 200 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റമായി ഘടിപ്പിക്കുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.*

മത്സ്യത്തൊഴിലാളികൾക്ക് ആശയവിനിമയ ഉപകരണങ്ങൾ

267(573) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കായി ആശയവിനിമയ ഉപകരണങ്ങൾ ഫിഷറീസ് വകുപ്പ് വഴി ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഉപകരണങ്ങളാണ് അവയെന്ന് വ്യക്തമാക്കാമോ?

2011-12 സാമ്പത്തിക വർഷം, കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കടലിൽ അപകടത്തിൽപ്പെട്ടാൽ അലർട്ട് പുറപ്പെടുവിക്കുന്ന 7262 EPIRB-Radio Beacon വിതരണം ചെയ്തിരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം ഓഖി ദുരന്ത പശ്ചാത്തലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കായി 941 നാവിക് ഉപകരണങ്ങൾ, 168 സാറ്റലൈറ്റ് ഫോൺ എന്നിവ വിതരണം ചെയ്തിരുന്നു. 2019-20 സാമ്പത്തിക വർഷത്തെ Sea Safety equipments to traditional fishing craft പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ആശയ വിനിമയത്തിനായി ഉപകരിക്കുന്ന തരത്തിലുള്ള 1500 മറൈൻ VHF റേഡിയോകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതിയിലുൾപ്പെടുന്ന മറ്റൊരു component ആയി 64 DAT മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിരുന്നു. നടപ്പുവർഷം 1000 എണ്ണം VHF, GPS വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എത്ര ശതമാനമാണ് സബ്സിഡി എന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.